**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1706** **08-12-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നിവിടങ്ങളിലെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | ഫിഷറീസ് വകുപ്പ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നിവിടങ്ങളിലെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതി യഥാക്രമം 15/03/2022, 08/02/2022, 08/02/2022 എന്നീ തീയതികളിൽ ലഭിച്ചിട്ടുണ്ട്. പരവൂർ മത്സ്യമാർക്കറ്റ് നവീകരണത്തിനായി ഡി.എസ്.ആർ. റേറ്റ് റിവിഷൻ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിലേക്ക് ഫണ്ടിംഗ് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നിവിടങ്ങളിലെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പരവൂർ മത്സ്യമാർക്കറ്റ് | 183.48 | പുതുക്കിയ ഫണ്ടിംഗ് അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു. |
| 2 | ചാത്തന്നൂർ മത്സ്യമാർക്കറ്റ് | 528.06 | ടെണ്ടർ നടപടി പൂർത്തീകരിച്ചു. പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചതിൽ 01/12/2022 ൽ ആവശ്യപ്പെട്ട വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. PED അംഗീകാരവും ലറ്റർ ഓഫ് അക്സപ്റ്റൻസ് (LoA) അനുമതിയും കിഫ്ബിയിൽ നിന്നും ലഭിച്ചാൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. |
| 3 | പാരിപ്പള്ളി മത്സ്യമാർക്കറ്റ് | 302.63 | മണ്ണ് പരിശോധന പൂർത്തീകരിച്ചു. സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 4 | കൊട്ടിയം മത്സ്യമാർക്കറ്റ് | 226.22 | മണ്ണ് പരിശോധന പൂർത്തീകരിച്ചു. സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

Sd/-

**സെക്ഷൻ ഓഫീസർ**